പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1630 — 12.06.19 - ൽ മറുപടിക്ക്.

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി വീണാ ജോർജ്ജ്<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. വി. അബ്ദുറഹിമാൻ | | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുടുംബശ്രീ ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിപണിയിൽ എത്തിക്കുന്നതിനായി നാട്ടുചന്തകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | കുടുംബശ്രീ ഉല്പന്നങ്ങൾക്ക് ഇടനിലക്കാരില്ലാതെ വിപണി ഒരുക്കുന്നതിനായി എല്ലാ ബ്ലോക്കുകളിലും നാട്ടുചന്തകൾ സംഘടിപ്പിച്ചു വരുന്നു. 152 ബ്ലോക്കുകളിലായി 452 നാട്ടുചന്തകളാണ് സംഘടിപ്പിച്ചു വരുന്നത്. 2017 ഒക്ടോബർ മുതലാണ് നാട്ടുചന്തകൾ ആരംഭിച്ചത്. നാളിതുവരെ 19138 ചന്തകൾ സംഘടിപ്പിക്കുകയും 15.47 കോടി രൂപയുടെ വിൽപന നടത്തുകയും ചെയ്തു. |
| (സി) | കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | കുടുംബശ്രീ ഉത്പന്നങ്ങൾ വലിയ തോതിൽ വിപണനം ചെയ്യുന്നതിനായി മാസചന്തകൾ, ട്രേഡ് ഫെയറുകൾ, സരസ്സ് മേളകൾ, ഓണചന്ത തുടങ്ങിയ പാരമ്പര്യ കുടുംബശ്രീ വിപണന മാർഗ്ഗങ്ങൾക്ക് പുറമേ 541 നാനോ മാർക്കറ്റുകൾ (പൊതു സ്ഥലങ്ങളിലും വിപണന സാധ്യതയുള്ള ഓഫീസുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിപണനം ചെയ്യാനും സ്ഥാപിച്ചിട്ടുള്ള ഷെൽഫുകൾ), കിയോസ്കുകൾ (വിനോദസഞ്ചാര കേന്ദ്രങ്ങൾ, മറ്റ് വിപണന സാധ്യതയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കുടുംബശ്രീ സ്ഥാപിക്കുന്നതും സിഡിഎസ്സിന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥിരവിപണന കേന്ദ്രങ്ങൾ), കുടുംബശ്രീ ബസാർ (ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലയിലെ പ്രാപ്തരായ എല്ലാ സംരംഭകരുടെ ഉത്പന്നങ്ങളെയും പ്രദർശിപ്പിച്ച് വിപണനം ചെയ്യാൻ കഴിയുന്ന സ്ഥിര വിപണനകേന്ദ്രങ്ങൾ അഥവാ സൂപ്പർ മാർക്കറ്റുകൾ - വയനാട്, പത്തനംതിട്ട ജില്ലകളിലെ പ്രവർത്തനം ആരംഭിച്ചു മറ്റ് ജില്ലകളിൽ പ്രവർത്തനം പുരോഗമിക്കുന്നു), ഓൺലൈൻ |

മാർക്കറ്റിംഗ്, (കേരളത്തിനകത്തും പുറത്തുമുള്ള ഉപഭോക്താക്കൾക്കായി കുടുംബശ്രീ പോർട്ടൽ, ആമസോൺ എന്നീ നൂതന മാർഗ്ഗങ്ങളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു). എന്നിവ കൂടാതെ ഹോർട്ടികോർപ്പ്, സപ്ലൈകോ, കൺസ്യൂമർ ഫെഡ്, അഗ്രോ ഹൈപ്പോ ബസാർ എന്നിവിടങ്ങളിലും കുടുംബശ്രീ ഉത്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഹോംഷോപ്പ് എന്ന പേരിൽ ഡോർ ടു ഡോർ ഉല്പ്പന്ന വിപണനവും വിജയകരമായി നടന്നുവരുന്നു. തിരഞ്ഞെടുത്ത മികച്ച ഉൽപ്പന്നങ്ങൾ പൊതു വിപണിയിലെത്തിക്കാനായി ഡിസ്ട്രിബ്യൂട്ടർമാരെയും, വിപണനം മെച്ചപ്പെടുത്തുന്നതിന് ഫ്രണ്ട് ലൈൻ സെയിൽസ് ടീമിനെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഡി) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ? | (ഡി) കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻ ആയി വിപണനം ചെയ്യുന്നതിനായി www.kudumbashreebazaar.com എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ 2018 മുതൽ പ്രവർത്തിച്ചു വരുന്നു. ജില്ലകളിലെ ഏറ്റവും മികച്ച ഉത്പന്നങ്ങൾ തെരഞ്ഞെടുത്ത് സംസ്ഥാനമിഷൻ വിശദവിവരങ്ങൾ സഹിതം പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ 198 സംരംഭകരുടെ 629 ഉത്പന്നങ്ങളാണ് പോർട്ടലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിനുപുറമെ ആഗോള ഓൺലൈൻ വിപണിയിലെ പ്രധാന സ്ഥാപനമായ ആമസോണിന്റെ ഇ-കൊമേഴ്സ് പോർട്ടലിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി 1998-ൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് രൂപം നൽകിയ നൂതന സംവിധാനമാണ് കുടുംബശ്രീ - സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ. ഈ മിഷന്റെ എല്ലാ പ്രവർത്തനങ്ങളും സ്ത്രീ ശാക്തീകരണക്ഷേമ പ്രവർത്തനങ്ങളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമാണ് ലക്ഷ്യവയ്ക്കുന്നത്. സ്ത്രീകളിലൂടെ കുടുംബത്തിലേയ്ക്ക്, കുടുംബത്തിലൂടെ സാമൂഹത്തിലൂടെ എന്നതാണ് മിഷന്റെ പ്രധാന ദൗത്യം. ഈ ലക്ഷ്യങ്ങളിലൂടെ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങളെ മൂന്നായി തിരിക്കാവുന്നതാണ്.

1) സംഘടനാ സംവിധാനം

2) പ്രാദേശിക സാമ്പത്തിക വികസനം

3) സാമൂഹ്യ വികസനം

## 1) സംഘടനാ സംവിധാനം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 43 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. ഓരോ കുടുംബത്തിൽ നിന്നും ഓരോ വനിത ഉൾപ്പെടുന്ന 2.9 ലക്ഷം അയൽക്കൂട്ടങ്ങളും അവയെ ഏകോപിപ്പിച്ച് 19,489 ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റികളും 1065 കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികളും ഉൾപ്പെടുന്ന കുടുംബശ്രീ സംഘടനാ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്.
പ്രസ്തുത സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്ന തിനുമായി വിവിധ പരിശീലന പരിപാടികളും ക്യാമ്പയിനുകളും കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്നു.

പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ് ജെന്റർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് കുടുംബശ്രീ കുടുംബശ്രീ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്.

തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ഈ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പൊതു ജീവിത നിലവാരമുയർത്തുന്നതിനും ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും തീരദേശ പഞ്ചായത്തുകളിൽ കുടുംബശ്രീ പ്രത്യേക ഇടപെടൽ നടത്തി വരുന്നു.

## 2) പ്രാദേശിക സാമ്പത്തിക വികസനം

### മൈക്രോ ഫിനാൻസ്

കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ള അയൽക്കൂട്ടാംഗങ്ങൾ 4,572 കോടി രൂപ നിക്ഷേപമായി സമാഹരിക്കുകയും അതിൽ നിന്നും 18,525 കോടി രൂപ അംഗങ്ങൾക്ക് ആന്തരിക വായ്പയായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ലഘുസമ്പാദ്യത്തെ മൂലധന നിക്ഷേപമാക്കി മാറ്റി അയൽക്കൂട്ടങ്ങളെ ലഘുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പ്രേരിപ്പിക്കത്തക്ക വിധത്തിൽ ബാങ്ക് ലിങ്കേജ് പ്രോഗ്രാമിലൂടെ 13,738 കോടി രൂപ 1,99,018 അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കി. കൂടാതെ വട്ടിപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി സഹകരണബാങ്കിന്റെ സഹകരണത്തോടുകൂടി പാലക്കാട് ജില്ലയിൽ കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതിയാണ് മുറ്റത്തെ മുല്ല. വായ്പ എടുക്കുന്നത് വ്യവസ്ഥാപിത മാർഗ്ഗങ്ങളോട് വിമുഖത കാണിക്കുന്ന ഗ്രാമീണ ജനതയെ അവരുടെ വീട്ടുമുറ്റത്തെത്തി നടപടിക്രമങ്ങളൊന്നും കൂടാതെ വായ്പ നൽകി സഹായിക്കുക എന്നതാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. പാലക്കാട് ജില്ലയിൽ 1500 വാർഡുകളിലായി നാളിതുവരെ 160 കുടുംബശ്രീ യൂണിറ്റുകൾക്കാണ് 74 കോടി രൂപയാണ് വായ്പ ഇതുവരെയായി നൽകിയിട്ടുള്ളത്.

സംരംഭ മേഖല

കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിലിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നിരവധി മൈക്രോ സംരംഭങ്ങൾ കുടുംബശ്രീ മുഖേന ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തും, വയോജന പരിപാലന രംഗത്തും, ഭക്ഷ്യ മേഖലയിലും, കാർഷിക മേഖലയിലും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും, കലാ സാംസ്കാരിക മേഖലകളിലും, വിപണന മേഖലകളിലും, ഡ്രൈവിംങ്/കാറ്ററിഗ് മേഖലയിലും, നിർമ്മാണ മേഖലയിലും നിരവധി നൂതന ആവിഷ്കാരങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. പ്രളയാനന്തര കേരളം പുനഃനിർമ്മിക്കുന്നതിൻറെ ഭാഗമായി 50,000 പേർക്ക് സ്വയംതൊഴിൽ ലഭ്യമാക്കാൻ എറൈസ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടണ്ട്.

കാർഷിക മേഖല

കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് സഹായകമാകുന്ന തരത്തിൽ തൊഴിൽ സാധ്യത ലക്ഷ്യം വച്ച് സംഘകൃഷി/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു.

സംസ്ഥാനത്തൊട്ടാകെ 152 നാട്ടുചന്തകൾ സ്ഥാപിച്ചു.നാളിതു വരെ 15 കോടി രൂപയുടെ കച്ചവടം നാട്ടുചന്തകളിലൂടെ നടന്നിട്ടുണ്ട്.

കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനായി മാസ്റ്റർ കർഷകരിൽ നിന്നും തിരഞ്ഞെടുത്ത 605 പേരടങ്ങുന്ന മാസ്റ്റർ കർഷക പരിശീലന ടീം രൂപവൽക്കരിച്ചു.

ഭക്ഷ്യ സുരക്ഷാ ഭവനം ക്യാമ്പയിനിലൂടെ 22 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്ക് കാർഷിക പ്രവത്തനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

ജൈവിക എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ 285 പ്ലാൻറ് നഴ്സറികൾ ആരംഭിച്ചു.

201 ക്ലസ്റ്ററുകളിലായി 1000 ഹെക്ടർ ഭൂമിയിൽ സർട്ടിഫിക്കേഷനോട് കൂടി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. 6904 ഏക്കർ ഭൂമിയിൽ പൂർണമായും കൃഷി ചെയ്തു വരുന്നു

മൃഗസംരക്ഷണ മേഖല

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി നിലവിൽ 1000 കോഴികളെ വളർത്തുന്ന 549 ബ്രോയ്-ലർ യൂണിറ്റുകൾ ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു. യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കുടുംബശ്രീ നൽകിയിട്ടുണ്ട്. കൂടാതെ ബ്രോയ്-ലർ ഫാം തുടങ്ങുന്നതിനായി 698 കർഷകരെ പുതിയതായി കണ്ടെത്തിയിട്ടുണ്ട്. ഇറച്ചി കോഴിയുടെ ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് വേണ്ടി എല്ലാ കുടുംബശ്രീ ഇറച്ചിക്കോഴി കർഷകരെയും ഉൾപ്പെടുത്തി കുടുംബശ്രീ ബ്രോയ്-ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ആരംഭിച്ചു തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലാണ് കുടുംബശ്രീ നേരിട്ട് എ.ബി.സി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 59 എ.ബി.സി യൂണിറ്റുകൾ പ്രവർത്തിക്കുന്നു.2017 ജൂൺ മുതൽ 2019 മെയ് വരെ 36022 നായക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്.

ആട്ടുഗ്രാമം പദ്ധതിയുടെ ഭാഗമായി 2012 മുതൽ ഇതുവരെ 4142 യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

ക്ഷീരസാഗരം പദ്ധതിയുടെ ഭാഗമായി 2012 മുതൽ ഇതുവരെ 1245 യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

മുട്ടഗ്രാമം പദ്ധതിയുടെ ഭാഗമായി 2012 മുതൽ ഇതുവരെ 691 യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഉപജീവന ദൗത്യം (എൻയുഎൽഎം) / പ്രധാന മന്ത്രി ആവാസ് യോജന (നഗരം), ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻആർഎൽഎം) പദ്ധതി, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതി, എം.കെ.എസ്.പി. (മഹിളാ കിസാൻ സശാക്തീകരൺ പരിയോജന) എന്നിവ കുടുംബശ്രീയിലൂടെയാണ് നടപ്പാക്കി വരുന്നത്.

## 3) സാമൂഹ്യ വികസന പദ്ധതികൾ

സാമൂഹ്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധങ്ങളായ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ, അശരണരും നിരാലംബരുമായ അഗതികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഗതിരഹിതകേരളം

പദ്ധതി, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്ഥാപനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ നടപ്പിലാക്കി വരുന്നു.

<u>സ്ത്രീ പദവി സ്വയം പഠന പ്രക്രിയ</u>

നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം. സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ നാലാം മൊഡ്യൂൾ ആയ 'ലിംഗ പദവി സമത്വവും നീതിയും' എന്ന 28 പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയ പഠന സഹായി തയ്യാറാക്കി. കേരളത്തിലെ ലക്ഷം അയൽക്കൂട്ടങ്ങളിലും ഈ പഠന സഹായിയെ അടിസ്ഥാനമാക്കി ചർച്ചകൾ നടക്കുന്നു.

<u>സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്</u>

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമ - ആരോഗ്യ പരിരക്ഷയും നൽകുന്നു.

<u>ജൻഡർ റിസോഴ്സ് സെന്ററുകൾ</u>

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ. 14 ജില്ലകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു.

<u>കമ്മ്യൂണിറ്റി കൗൺസിലിംഗ്</u>

സമൂഹത്തിൽ ഒറ്റപ്പെട്ടവരും വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരും, ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണയും കൈത്താങ്ങും നൽകുക എന്ന ലക്ഷ്യത്തോടെ. നിലവിൽ 350 കമ്മ്യൂണിറ്റി കൗൺസിലേഴ്സിന് പരിശീലനം ലഭിച്ച് 14 ജില്ലകളിലായി പ്രവർത്തിക്കുന്നു.

<u>വിജിലന്റ് ഗ്രൂപ്പ്</u>

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും തടയുന്നതിനുമായി വാർഡുതലത്തിൽ 10 മുതൽ 15 വരെ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകമാനം വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

<u>സ്നേഹിത കോളിംഗ് ബെൽ</u>

സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരേയും, മുതിർന്ന പൗരൻമാരേയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ വ്യക്തികളേയും കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് സ്നേഹിത കോളിംഗ് ബെൽ

<u>സ്ത്രീ സൗഹൃദ പഞ്ചായത്ത് രൂപീകരണം</u>

ഓരോ ജില്ലയിൽ നിന്നും ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തു സ്ത്രീ സൗഹൃദ പഞ്ചായത്ത് രൂപീകരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

<u>രംഗശ്രീ</u>

കുടുംബശ്രീ കമ്മ്യൂണിറ്റി തീയറ്റർ ഗ്രൂപ്പ്-രംഗശ്രീ പതിനാല് ജില്ലകളിലും രൂപീകരിച്ചു. സർക്കാർ പദ്ധതികളുടേയും പരിപാടികളുടേയും സന്ദേശങ്ങൾ ഫലപ്രദമായി പൊതുജനങ്ങളിലേക്കെത്തിക്കുന്നതിന് രംഗശ്രീ ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടന്ന തെരുവ് നാടകങ്ങൾ സഹായകരമായി. കേരള ലോട്ടറി ഡയറക്ടറേറ്റ്, ഇലക്ഷൻ കമ്മീഷൻ തുടങ്ങിയവയുമായി സംയോജന പരിപാടികൾ സംഘടിപ്പിച്ചു.

<u>അഗതിരഹിത കേരളം പദ്ധതി</u>

അഗതി കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് കുടുംബശ്രീ നടപ്പിലാക്കി വന്നിരുന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട തുടർസേവനം ആവശ്യമുള്ളവരെയും പുതുതായി പദ്ധതി ഗുണഭോക്താക്കളാകേണ്ടതുണ്ടവരെയും ഉൾച്ചേർത്ത് സമഗ്ര പദ്ധതി എന്ന നിലയിൽ

അഗതിരഹിതകേരളം പദ്ധതിയ്ക്ക് 2017 ഒക്ടോബറിൽ തുടക്കം കുറിച്ചു. 2017-18 കാലയളവിൽ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി. ഇതിനോടകം 953 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 55 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് കൂടി ജൂൺ മാസത്തിൽ അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ബാക്കിയുള്ള 24 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ അന്തിമ ഘട്ടത്തിലാണ്.

ബഡ്സ് സ്ഥാപനങ്ങൾ

മാനസികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസവും പുനരധിവാസവും ലക്ഷ്യമിട്ടുകൊണ്ടാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെൻററുകളും (ബി.ആർ.സി) ആരംഭിച്ചത്. വിദ്യാഭ്യാസ വകുപ്പിൻറെ അംഗീകാരം ഉള്ള 75 ബഡ്സ് സ്കൂളുകൾ ഉൾപ്പടെ ഇപ്പോൾ കേരളത്തിൽ 103 ബഡ്സ് സ്കൂളുകളും 144 ബഡ്സ് റീഹാബിലിറ്റേഷൻ സെൻററുകളും (ബി ആർ സി) ആയി ആകെ 247 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ പരിപാലിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന അധ്യാപകർക്കും ആയമാർക്കും അതിനുപകരിക്കുന്ന പരിശീലനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നൽകി വരുന്നു.

ഭിന്ന ശേഷിക്കാരുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് അവർക്കു ആവശ്യമായ വേദി ഒരുക്കുക എന്ന ഉദ്ദേശത്തോടെ 2017 മുതൽ ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും ബഡ്സ് കലോത്സവങ്ങൾ നടത്തി വരുന്നു.

ബാലസഭ

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അയൽക്കൂട്ടമാണ് ബാലസഭകൾ. തലമുറകളിൽ നിന്നും തലമുറകളിലേക്കുള്ള ദാരിദ്ര്യ കൈമാറ്റം തടയുകയും വിനോദങ്ങളിലൂടെയുള്ള വിജ്ഞാന സമ്പാദനവും സംഘബോധവും നേതൃത്വശേഷിയും സഹകരണ മനോഭാവവും അവകാശാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ജനാധിപത്യ ബോധവും സർഗ്ഗശേഷിയും വ്യക്തിത്വ വികസനവും പരിസ്ഥിതി ബോധവും കുട്ടികളിൽ വളർത്തുന്നതിനാണ് ബാലസഭകൾ ലക്ഷ്യമിടുന്നത്. 28190 ബാലസഭകളിലായി 416730 കുട്ടികൾ അംഗങ്ങളാണ്.

പട്ടികവർഗ/ജാതി മേഖല

പട്ടികവർഗ/ജാതി വിഭാഗത്തിലെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ടുകൊണ്ട് ഈ മേഖലയിൽ സവിശേഷ ഇടപെടൽ നടത്താൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. നേരിട്ടും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെയും പട്ടികവർഗ/ജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. പി. കെ. കാളൻ പദ്ധതി- ആലപ്പുഴ, മലമ്പുഴ, കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി - അട്ടപ്പാടി , വയനാട്, തോഴിലുറപ്പ് മുൻകൂർ വേദന പദ്ധതി- അട്ടപ്പാടി ,വയനാട് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.